**GAZETTE DATE : 15.09.2025**
**LAST DATE : 15.10.2025**

# GENERAL RECRUITMENT – DISTRICT WISE
# CATEGORY NO: 365/2025

Applications are invited online only by One Time Registration exclusively from qualified candidates for selection to the under mentioned post in Kerala Government Service (Recruitment By Transfer).

1. **Department** : **Education**
2. **Name of Post** : **High School Teacher (Social Science) Malayalam Medium** (Recruitment By Transfer)
3. **Scale of pay** : **₹ 41,300 - 87,000/-**
4. **No. of vacancies** : **District wise**

| **Districts** | **No. of Vacancies** |
|---|---|
| Malappuram | 02 (Two) |

***Note***:-

i. Candidates shall apply online only by One Time Registration to www.keralapsc.gov.in. Applications submitted in any other manner will be summarily rejected.

ii. In the absence of suitable candidates, the vacancies set apart for By Transfer recruitment shall be filled up by the candidates from the Ranked List prepared for Direct recruitment.

iii. The applicant should be an Approved probationer/ Full member of the Kerala General Education Subordinate Service as on the date of application.

iv. Separate Ranked List will be prepared for Malappuram district in pursuance of this notification. The Ranked list thus prepared and published by the Commission, shall remain in force for a minimum period of one year, subject to the condition that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised for appointment against the above vacancies and vacancies those are reported during the currency of the list.

v. Candidates should submit the application for this post to Malappuram district only.

vi. The selection in pursuance of this notification will be made on a revenue district basis, subject to the special conditions laid down in G.O.(MS.) No. 154/71/P.D. dated 27.05.1971. A candidate advised for appointment in one revenue district from the Ranked List prepared is not eligible for transfer to another district unless he or she completes 5 years continuous service from the date of commencement of service in the former district. Even if transfer is allowed after five years, it will be subject to the rules in G.O.(P.) No. 36/91/P.&A.R.D. dated 02.12.1991. Candidates already in Government service holding this post in any one district are prohibited from applying again for this post, but they can apply to higher posts when notified.

vii. The rules regarding the reservation of appointment contemplated in Rule 14 to 17 in Part II of the KS & SSR are not applicable to Recruitment by transfer.

5. **Method of appointment** : **Recruitment by transfer** (from among the employees who have completed the prescribed service and who are working as Clerk/ Typist/ Attender/ Office Attendant/ Binder in the General Education Department.)

**6.** **Age Limit** : **Not applicable**

**7.** **Qualifications:**

1. A Degree in the concerned subject and B. Ed./ B.T. in the concerned subject both conferred or recognized by the Universities in Kerala. (Concerned subjects are specified in Note iii below.)
2. Must have passed the Kerala Teacher Eligibility Test (K-TET Category III) for this post conducted by the Government of Kerala.

(Link)
EQUIVALENT / HIGHER QUALIFICATION

**Note:** The Degree/ Diploma awarded by U.G.C. approved Universities or Institutions established through an act passed by Parliament/ State Legislative Assembly in accordance with the conditions laid down in G.O.(M.S.) No. 526/65/P.D. dated 17.07.1965 are acceptable for appointment in Government Services.

(Link)
https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf

**Exemption :**

i. Candidates who have qualified C-TET/ NET/ SET/ M. Phil./ Ph. D. in the respective subjects/ M. Ed. in any subject are exempted from acquiring K-TET [G.O.(P.) No. 145/16/G.Edn. Dated 30.08.2016, G.O.(P.) No. 206/16/G.Edn. Dated 08.12.2016 and G.O.(P.) No. 15/2020/G.Edn. Dated 09.10.2020].

ii. C-TET (Primary stage and Elementary stage) qualification shall not be considered as an alternative qualification for K-TET Category III [G.O.(P.) No. 6/2024/G.Edn. Dated 01.02.2024].

**Note:**

i. M. Phil. in the concerned subject be the one awarded by any of the Universities in Kerala or recognized as equivalent by any of the Universities in Kerala.

ii. The employees of the General Education Department who entered service before 31.03.2012 and have completed the prescribed period of service as Clerk/ Typist/ Attender/ Office Attendant/ Binder are exempted from acquiring K-TET qualification.

iii. The applicant should have taken History or Economics or Geography or Politics or Philosophy or Sociology as main subject for Graduation. The candidates who possess B. Ed. Degree in Social Science after obtaining a degree in Commerce or Music before 21.09.2022 are also eligible to apply for the post [G.O.(MS.) No. 234/2022/G.Edn. dated 19.12.2022].

iv. Diploma in Rural Service awarded by the National Council for Rural Higher Education will also be treated as equivalent to Degree for the above purpose.

v. The candidates who have acquired B.A. Ed. Integrated Course (Social Studies, English) conducted by the Regional Institute of Education in Mysore are also eligible to apply for the post [G.O.(Rt.) No. 2135/2019/G.Edn. dtd 04.06.2019].

vi. Post Graduates in concerned subject with B. Ed./ B.T. in the concerned subject are also eligible to apply for the post.

vii. The following qualifications are also acceptable for appoinment to the post of High School Teacher (Social Science).

**a.** B.A. Degree in Islamic History and Urdu Double Main and B. Ed. in Social Studies.

OR

**b.** B.A. Degree in Islamic History (Main), General Economics and Indian History (Subsidiaries) and B. Ed. in History.

OR

**c.** B.A. Degree in Islamic History and Arabic Main and B. Ed. in History.

[a, b & c above as per G.O.(MS.) No. 254/90/G.Edn. dated 05.12.1990.]

OR

d. B.A. Degree in Islamic History (Main), General Economics and Political Science (Subsidiaries) and B. Ed. in History [G.O.(MS.) No. 21/94/G.Edn. dated 21.02.1994].

OR

e. B.A. (Islamic History and Arabic Main) and B. Ed. (Social Studies).

OR

f. B.A. Islamic History (Main), Indian History and Political Science (Subsidiaries) and B. Ed. (History) or B. Ed. (Social Studies).

OR

g. B.A. Islamic History (Main), Political Science and General Economics (Subsidiaries) and B. Ed. (Social Studies).

OR

h. B.A. Islamic History (Main), Outlines of Indian Culture and Freedom Movement and Political Science (Subsidiaries) and B. Ed. (Social Studies).

[e, f, g & h above as per G.O.(MS.) No. 327/2001/G.Edn. dated 07.11.2001.]

i. B.A. Islamic History (Main), Linguistics and Indian History (Subsidiaries) and B. Ed. (Social Science) [as per G.O.(MS.) No. 97/2024/G.Edn. dated 08.08.2024].

viii. If there is Written (Descriptive/ OMR) test, the Question paper for the Written test will be in Malayalam. The candidates should answer the questions in Malayalam. In the case of OMR Answer Script, answers are to be marked as instructed.

ix. The disciplines in which graduation and post graduation were obtained should be mentioned in the application.

x. Rule 10 (a) ii of Part II of K.S.&S.S.R. and Rule 2(13) of Part II of K.S.&S.S.R. are applicable for this post.

In addition to the qualifications prescribed in this notification, the qualifications recognized by Executive/ Standing Orders of Government as equivalent to the qualifications specified for a post, in the Special Rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of Government Orders declaring equivalent/ higher qualifications shall be produced as and when called for by the Commission.

3. Candidates should have service not less than 5 years as Clerk/ Typist/ Attender/ Office Attendant/ Binder in the General Education Department as on the date of application.

**Note:** Documents to prove qualification, date of birth and service have to be produced as and when called for by the Commission. Candidates should keep a Service Certificate (in original) in the form prescribed below from the Head of Office/ Department and produce as and when called for by the Commission.

| | SERVICE CERTIFICATE | | |
|---|---|---|---|
| 1. | Name of the candidate | : | |
| 2. | Name of the post now held by the applicant with scale of pay | : | |
| 3. | Name of the Department in which now working | : | |
| 4. | Name of the Subordinate service to which the applicant belongs | : | |
| 5. | Date of commencement of service and date of commencement of probation | : | |
| 6. | Whether the applicant is an approved probationer or full member of the service | : | |
| 7. | Community & Religion as entered in the Service Records (in the case of S.C./S.T./O.B.C. only) | : | |

SERVICE PARTICULARS

| Sl. No. | Name of post held | Period | | Length of service | | | Date of declaration of Probation |
|---|---|---|---|---|---|---|---|
| | | From | To | Year | Month | Days | |
| | | | | | | | |
| | Total Service | | | | | | |

Certified that the above details in respect of Sri/ Smt …........................... who is an Approved Probationer/ Full member of the …................... subordinate service have been verified by me with service particulars as given in the Service Book of the Candidate and that they are found correct.

Also certified that Sri/ Smt …................... is eligible to apply for the post of High School Teacher (Social Science) Malayalam Medium- Recruitment By Transfer, as per the provisions contained in Rule 2 (13) of Part I, Kerala State & Subordinate Service Rules, 1958.

Signature
Name & Designation of the Head of Office

Place :
Date :

(Office Seal)

**8. Mode of Submitting Application:**

a. **Candidates must register as per "ONE TIME REGISTRATION" with the Official Website of Kerala Public Service Commission '**www.keralapsc.gov.in' before applying for the post. Candidates who have registered can apply by logging on to their profile using their user ID and password. Candidates must click on the 'Apply Now' button of the respective posts in the Notification Link to apply for a post. **Candidates who are creating profile newly, should upload the photograph taken within 6 months**. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of taking of the photograph. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile, candidates must ensure correctness of the information in their profile. They must quote the User ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** Application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, community, age etc. have to be produced as and when called for.

b. **Candidates who have AADHAAR card should add AADHAAR card as ID Proof in their profile.**

**9. Last Date for receipt of applications: 15.10.2025, Wednesday upto 12.00 midnight.**

**10. Website to which applications are to be submitted:** www.keralapsc.gov.in.

11. If Written/ OMR/ Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Programme itself. Information in this regard will be given to the candidates in their respective profiles and in the mobile phone numbers registered in it.

12. **Special Instructions to Candidates :**

i. Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

ii. Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure, 1976, shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a Written/ Practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

(For details, including photo, ID Proof etc please see the General Conditions given below as Part II of this Notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

# ജനറൽ റിക്രൂട്ട്മെന്റ് – ജില്ലാതലം
## കാറ്റഗറി നമ്പർ : 365/2025

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു (തസ്തികമാറ്റം വഴിയുള്ള റിക്രൂട്ട്മെന്റ്).

1. **വകുപ്പ്** : **വിദ്യാഭ്യാസം**

2. **ഉദ്യോഗപ്പേര്** : **ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) മലയാളം മാധ്യമം (തസ്തികമാറ്റം വഴിയുള്ള റിക്രൂട്ട്മെന്റ്)**

3. **ശമ്പളം** : **₹ 41,300 – 87,000/-**

4. **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

| **ജില്ല** | **ഒഴിവുകളുടെ എണ്ണം** |
|---|---|
| മലപ്പുറം | 02 (രണ്ട്) |

**കുറിപ്പ്**

i. അപേക്ഷകൾ കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

ii. തസ്തികമാറ്റം വഴി നിയമനത്തിനായി മാറ്റി വയ്ക്കപ്പെട്ട ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നികത്തുന്നതാണ്.

iii. അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (Approved Probationer) ആളോ ആയിരിക്കണം.

iv. ഈ വിജ്ഞാപനപ്രകാരം മലപ്പുറം ജില്ലയിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മേൽ ഒഴിവുകളിലേയ്ക്കും റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതാണ്.

v. ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മലപ്പുറം ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

vi. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971-ലെ G.O.(MS.) No. 154/71/P.D. യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.12.1991-ലെ G.O.(P.) No. 36/91/P.&A.R.D. യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

vii. തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ കെ. എസ്. & എസ്. എസ്. ആർ. ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

5. **നിയമനരീതി** : **തസ്തികമാറ്റം വഴിയുള്ള നിയമനം** (പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ്, ബൈൻഡർ എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയവരിൽ നിന്ന് തസ്തികമാറ്റം വഴിയുള്ള നിയമനം.)

6. **പ്രായപരിധി** : ബാധകമല്ല

7. **യോഗ്യതകൾ:**

1. ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽതന്നെയുള്ള ബി. എഡ്./ ബി.ടി. ബിരുദവും. (ബന്ധപ്പെട്ട ബിരുദ വിഷയങ്ങൾ ഏതെല്ലാമെന്ന് താഴെ കുറിപ്പ് iii ൽ നൽകിയിരിക്കുന്നത് നോക്കുക.)

2. കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ് കാറ്റഗറി III) പാസായിരിക്കണം.

(Link)

EQUIVALENT / HIGHER QUALIFICATION

**കുറിപ്പ്:** 17.07.1965-ലെ G.O.(MS.) No. 526/65/P.D. യിലെ വ്യവസ്ഥകൾ പ്രകാരം പാർലമെന്റ്/ സംസ്ഥാന നിയമസഭകൾ ഇവയിലേതെങ്കിലും പാസാക്കിയ നിയമപ്രകാരം സ്ഥാപിതമായിട്ടുള്ളതോ യു.ജി.സി. അംഗീകൃതമായിട്ടുള്ളതോ ആയ സർവ്വകലാശാലകൾ നൽകുന്ന ഡിഗ്രികൾ, ഡിപ്ലോമകൾ ഇവ സർക്കാർ സർവ്വീസിലേക്കുള്ള നിയമനങ്ങൾക്ക് സ്വീകാര്യമാണ്.

(Link)

https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf

**ഇളവ്:**

i. ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സി-ടെറ്റ്/ നെറ്റ്/ സെറ്റ്/ എം. ഫിൽ./ പിഎച്ച്.ഡി./ ഏതെങ്കിലും വിഷയത്തിൽ എം. എഡ്. യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ കെ-ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് [G.O.(P.) No. 145/16/G.Edn. തീയതി 30.08.2016, G.O.(P.) No. 206/16/G.Edn. തീയതി 08.12.2016, G.O.(P.) No. 15/2020/G.Edn. തീയതി 09.10.2020].

ii. കെ-ടെറ്റ് കാറ്റഗറി III യ്ക്ക് പകരമായി സി-ടെറ്റ് (പ്രൈമറി സ്റ്റേജ് & എലമെന്ററി സ്റ്റേജ്) യോഗ്യത സ്വീകരിക്കുന്നതല്ല [G.O.(P.) No. 6/2024/G.Edn. തീയതി 01.02.2024].

**കുറിപ്പ്:**

i. ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം. ഫിൽ. യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

ii. 31.03.2012 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്/ ടൈപ്പിസ്റ്റ്/ അറ്റൻഡർ/ ഓഫീസ് അറ്റൻഡന്റ്/ ബൈൻഡർ എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലിചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ കെ-ടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല.

iii. ഹിസ്റ്ററി, ഇക്കണോമിക്സ്, ജ്യോഗ്രഫി, പൊളിറ്റിക്സ്, ഫിലോസഫി, സോഷ്യോളജി ഇവയിലേതെങ്കിലും ഐച്ഛിക വിഷയമായെടുത്ത് ബിരുദം സമ്പാദിച്ചിരിക്കണം. 21.09.2022 ന് മുൻപ് കൊമേഴ്സ്, മ്യൂസിക് എന്നീ വിഷയങ്ങളിൽ ബിരുദം നേടിയതിനുശേഷം സോഷ്യൽ സയൻസ് ബി. എഡ്. നേടിയവർക്കും അപേക്ഷിക്കാവുന്നതാണ് [G.O.(MS.) No. 234/2022/G. Edn. തീയതി 19.12.2022].

iv. റൂറൽ ഉന്നത വിദ്യാഭ്യാസ നാഷണൽ കൗൺസിൽ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

v. മൈസൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നൽകുന്ന ബി.എ. എഡ്. (സോഷ്യൽ സ്റ്റഡീസ്, ഇംഗ്ലീഷ്) ഇന്റഗ്രേറ്റഡ് കോഴ്സ് നേടിയവർക്കും ഈ തസ്തികയിലേയ്ക്ക് അപേക്ഷിയ്ക്കാവുന്നതാണ് [G.O.(Rt.) No. 2135/2019/G. Edn. തീയതി 04.06.2019].

vi. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബന്ധപ്പെട്ട വിഷയത്തിൽ തന്നെ ബി. എഡ്./ ബി.ടി. യോഗ്യതയുള്ള പക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിയ്ക്കാവുന്നതാണ്.

vii. ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) തസ്തികയിലെ നിയമനത്തിന് താഴെ പറയുന്ന യോഗ്യതകളും സ്വീകാര്യമാണ്.

**a.** ഇസ്ലാമിക് ഹിസ്റ്ററി, ഉറുദു എന്നിവ ഡബിൾ മെയിനായുള്ള ബി.എ. ഡിഗ്രിയും, സോഷ്യൽ സ്റ്റഡീസിലുള്ള ബി. എഡ്. യോഗ്യതയും.

അല്ലെങ്കിൽ

**b.** ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ജനറൽ ഇക്കണോമിക്സും ഇൻഡ്യൻ ഹിസ്റ്ററിയും സബ്സിഡിയറിയായും ഉള്ള ബി.എ. ഡിഗ്രിയും ഹിസ്റ്ററിയിലുള്ള ബി. എഡ്. യോഗ്യതയും.

അല്ലെങ്കിൽ

**c.** ഇസ്ലാമിക് ഹിസ്റ്ററിയും അറബിയും മെയിനായുള്ള ബി.എ. ഡിഗ്രിയും ഹിസ്റ്ററിയിലുള്ള ബി. എഡ്. യോഗ്യതയും.

(മുകളിൽ a, b, c എന്നിവ G.O.(MS.) No. 254/90/G.Edn. തീയതി 05.12.1990 പ്രകാരം.)

അല്ലെങ്കിൽ

d. ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ജനറൽ ഇക്കണോമിക്സും പൊളിറ്റിക്കൽ സയൻസും സബ്സിഡിയറിയായും ഉള്ള ബി.എ. ഡിഗ്രിയും ഹിസ്റ്ററിയിലുള്ള ബി. എഡ്. യോഗ്യതയും [G.O.(MS.) No. 21/94/G.Edn. തീയതി 21.02.1994].

അല്ലെങ്കിൽ

e. ഇസ്ലാമിക് ഹിസ്റ്ററിയും അറബിയും മെയിനായുള്ള ബി.എ. ഡിഗ്രിയും സോഷ്യൽ സ്റ്റഡീസിലുള്ള ബി. എഡ്. യോഗ്യതയും.

അല്ലെങ്കിൽ

f. ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ഇൻഡ്യൻ ഹിസ്റ്ററിയും പൊളിറ്റിക്കൽ സയൻസും സബ്സിഡിയറിയായും ഉള്ള ബി.എ. ഡിഗ്രിയും ഹിസ്റ്ററിയിലോ സോഷ്യൽ സ്റ്റഡീസിലോ ഉള്ള ബി. എഡ്. യോഗ്യതയും.

അല്ലെങ്കിൽ

g. ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും പൊളിറ്റിക്കൽ സയൻസും ജനറൽ ഇക്കണോമിക്സും സബ്സിഡിയറിയായും ഉള്ള ബി.എ. ഡിഗ്രിയും സോഷ്യൽ സ്റ്റഡീസിലുള്ള ബി. എഡ്. യോഗ്യതയും.

അല്ലെങ്കിൽ

h. ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ഔട്ട്ലൈൻസ് ഓഫ് ഇൻഡ്യൻ കൾച്ചർ ആന്റ് ഫ്രീഡം മൂവ്മെന്റും പൊളിറ്റിക്കൽ സയൻസും സബ്സിഡിയറിയായും ഉള്ള ബി.എ. ഡിഗ്രിയും സോഷ്യൽ സ്റ്റഡീസിലുള്ള ബി. എഡ്. യോഗ്യതയും.
[മുകളിൽ e, f, g, h എന്നിവ G.O.(MS.) No. 327/2001/G.Edn. തീയതി 07.11.2001 പ്രകാരം.]

I. ഇസ്ലാമിക് ഹിസ്റ്ററി മെയിൻ ആയും ലിംഗ്വിസ്റ്റിക്സ്, ഇന്ത്യൻ ഹിസ്റ്ററി എന്നിവ സബ്സിഡിയറിയായും ഉള്ള ബി.എ. ഡിഗ്രിയും സോഷ്യൽ സയൻസിലുള്ള ബി. എഡ്. യോഗ്യതയും [G.O.(MS.) No. 97/2024/G.Edn. തീയതി 08.08.2024 പ്രകാരം].

viii. ഈ തസ്തികയ്ക്ക് എഴുത്ത് (വിവരണാത്മക/ ഒ എം ആർ) പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങളും മലയാളത്തിൽ തന്നെ എഴുതേണ്ടതാണ്. ഒ.എം.ആർ. ഉത്തരക്കടലാസ് സംബന്ധിച്ച് ഉത്തരങ്ങൾ എഴുതുന്നതിനു പകരം നിർദ്ദേശിക്കുന്ന പ്രകാരം അടയാളപ്പെടുത്തേണ്ടതാണ്.

ix. ബിരുദത്തിന്/ ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയവും ഏതു വിഷയത്തിലാണ് ബി. എഡ്./ ബി.ടി. ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

x. കെ. എസ്. & എസ്. എസ്. ആർ. പാർട്ട് II റൂൾ 10 (a) ii, കെ. എസ്. & എസ്. എസ്. ആർ. പാർട്ട് I റൂൾ 2 (13) എന്നിവ ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ വിശേഷാൽ ചട്ടങ്ങളിലെ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും വിശേഷാൽ ചട്ടപ്രകാരമുള്ള നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

3. അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ്, ബൈൻഡർ എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം.

**<u>കുറിപ്പ്</u> :** മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ഓഫീസ്/ വകുപ്പ് മേലാധികാരിയിൽ നിന്ന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം വയ്ക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

| | **സർവ്വീസ് സർട്ടിഫിക്കറ്റ്** | | |
|---|---|---|---|
| 1. | ഉദ്യോഗാർത്ഥിയുടെ പേര് | : | |
| 2. | ഇപ്പോൾ ഉദ്യോഗാർത്ഥി വഹിക്കുന്ന തസ്തികയുടെ പേരും ശമ്പള സ്കെയിലും | : | |
| 3. | ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പിന്റെ പേര് | : | |
| 4. | ഉദ്യോഗാർത്ഥി ഏത് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്നു എന്ന് | : | |
| 5. | സർവ്വീസ് തുടങ്ങിയ തീയതിയും പ്രൊബേഷൻ ആരംഭിച്ച തീയതിയും | : | |
| 6. | അപേക്ഷകൻ അപ്രൂവ്ഡ് പ്രൊബേഷണറോ ഫുൾ മെമ്പറോ എന്ന് | : | |
| 7. | S.C./ S.T./ O.B.C. എന്നിവരുടെ കാര്യത്തിൽ സമുദായം/ മതം സർവ്വീസ് രേഖകളിൽ കാണും പ്രകാരം | : | |

**സേവന വിവരങ്ങൾ**

| ക്രമ നമ്പർ | വഹിച്ച തസ്തിക | കാലയളവ് | | സർവ്വീസ് ദൈർഘ്യം | | | പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി |
|---|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം | |
| | | | | | | | |
| | ആകെ സർവ്വീസ് | | | | | | |

................. സബോർഡിനേറ്റ് സർവ്വീസിൽ ഒരു അപ്പ്രൂവ്ഡ് പ്രൊബേഷണർ/ ഫുൾ മെമ്പറായ ശ്രീ/ ശ്രീമതി ................................ എന്ന ഉദ്യോഗസ്ഥനെ/ ഉദ്യോഗസ്ഥയെ സംബന്ധിച്ച മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ടിയാന്റെ സർവ്വീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തുനോക്കുകയും അവ ശരിയാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്ത വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ശ്രീ/ ശ്രീമതി ................................ ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സയൻസ്) മലയാളം മാധ്യമം തസ്തികയ്ക്ക് (തസ്തികമാറ്റം വഴിയുള്ള റിക്രൂട്ട്മെന്റ്) അപേക്ഷിക്കാൻ 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ പാർട്ട് 1- റൂൾ 2 (13) പ്രകാരം അർഹതയുള്ള ആളാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ഓഫീസ് തലവന്റെ ഒപ്പ്
പേര്, ഉദ്യോഗപ്പേര്

സ്ഥലം :
തീയതി : (ഓഫീസ് സീൽ)

8. **അപേക്ഷ സമർപ്പിക്കേണ്ട രീതി:**

a) **ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്.** രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. **പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് ആണ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്യേണ്ടത്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും, വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/ print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

b) **ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

9. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 15.10.2025 ബുധനാഴ്ച** അർദ്ധരാത്രി 12.00 മണി വരെ

10. **അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ്:** www.keralapsc.gov.in

11. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ./ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം (confirmation) നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ പ്രോഗ്രാമിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലും നൽകുന്നതാണ്.

12. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:**

i. ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്കു വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

ii. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ, 1976, റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്ന് അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, തിരിച്ചറിയൽ രേഖ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായി വായിച്ചു നോക്കുക).

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ